Talented Bankers Literary Panel
പുസ്തക പരിചയം 184

പുസ്തകം പരിചയപ്പെടുത്തുന്നത്,
ജിതിൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുറുപ്പന്തറ ശാഖ.

പച്ച മഞ്ഞ ചുവപ്പ്
ടി ഡി രാമകൃഷ്ണൻ

ഓരോ വായനക്കാരനും വായനക്ക് മുടക്കം വരുന്ന കുറച്ചു നാളുകൾ ഉണ്ടാകും. ആ സമയത്ത് ഏത് പുസ്തകം എടുത്താലും മനസ്സ് ഉറച്ചു നില്ക്കില്ല. നമ്മൾ ആഗ്രഹിക്കുന്നത് അതല്ല എന്നൊരു തോന്നൽ. പക്ഷെ, നിനച്ചിരിക്കാതെ ഒരു പുസ്തകം കൈയ്യിലേക്ക് വരുകയും, സാഹചര്യങ്ങൾ ഒത്തു ചേരുകയും, നമ്മൾ അതിൽ മുഴുകി ചേരുകയും ചെയ്യും. അത്ര നാൾ കാത്തിരുന്നത് അതിന് വേണ്ടി ആണെന്നത് പോലെ ! ഒരു പക്ഷെ, എന്റെ തോന്നൽ ആകാം, എന്നാലും എനിക്ക് ഈയിടെ അങ്ങനെയൊരനുഭവം ഉണ്ടായി.

പറഞ്ഞു വരുന്നത് ശ്രീ T D രാമകൃഷ്ണൻ എഴുതിയ, "പച്ച മഞ്ഞ ചുവപ്പ്" എന്ന നോവലിനെ കുറിച്ചാണ്. എഴുത്തുകാരന്റെ പേര് ആണ് എന്നെ ഇത് വേടിക്കുവാൻ പ്രേരിപ്പിച്ചത്. സുഗന്ധിയും, ഫ്രാൻസിസ് ഇട്ടിക്കൊരയും ഒക്കെ കൂടി കഴിഞ്ഞ കുറച്ചു നാളുകളായി വല്ലാതെ ഭ്രമിപ്പിച്ച തൂലികയാണ് ഈ മനുഷ്യന്റെത് ! പക്ഷെ, നേരത്തെ പറഞ്ഞത് പോലെ വായനക്ക് ഇടക്ക് മുടക്കം വന്നു. ആൽഫാ പോലുള്ള ഇദ്ദേഹത്തിന്റെ തന്നെ പുസ്തകങ്ങൾ ഇതിന് ഇടക്ക് വേടിച്ചു എങ്കിലും, ഭദ്രമായി അലമാരയിൽ സൂക്ഷിച്ചു വെക്കുകയാണ് ഉണ്ടായത്. കഥയുടെയോ, പുസ്തകത്തിന്റെയോ കുഴപ്പം ആയിരുന്നില്ല. ഞാൻ പറഞ്ഞല്ലോ, അതൊരു മാനസികാവസ്ഥ ആണ്.

ഇത്രയും പറയുമ്പോൾ ഒരാളെ കുറിച്ചു കൂടി പറയണം. ഞങ്ങളുടെ കുട്ടികുറുമ്പി. ഓഫിസിൽ നിന്നും വന്നിട്ട് അവളെ കളിപ്പിക്കാൻ തന്നെ സമയം തികയുന്നുമില്ല. ഇതിന് ഇടയിൽ പുസ്തകം എടുത്തു മുറിയിൽ പോയി ഇരുന്നാൽ അപ്പോൾ വരും. പിന്നെ എന്റെ കയ്യിൽ നിന്നും മേടിച്ചു വളരെ കാര്യമായി തിരിച്ചും മറിച്ചും നോക്കും. എന്നിട്ട് മൊത്തത്തിലുള്ള ഭംഗി പോരാഞ്ഞിട്ടാണോ, അതോ എന്റെ വായന മുടക്കേണ്ട എന്ന് കരുതിയിട്ടാണോ എന്നറിയില്ല, അധികം സമയം കളയാതെ അവൾക്ക് ആവശ്യമുള്ള ഏതേലും ഒരു പേജ് മാത്രം കീറി, ബാക്കി എന്റെ കൈയ്യിൽ തിരികെ തരും.

ഇതിപ്പോൾ കുറച്ചു ദിവസം ആയിട്ട് ആള് സ്ഥലത്തില്ല. കൃത്യം ആ

സമയത്ത് തന്നെ നോവൽ കൈയിൽ കിട്ടുകയും ചെയ്തു. അതാണ് ഞാൻ ആദ്യമേ പറഞ്ഞത് നിനച്ചിരിക്കാതെ ചില പുസ്തകങ്ങൾ കൈയ്യിലേക്ക് വരുമെന്ന്. 446 പേജുള്ള പുസ്തകം കഴിഞ്ഞ മൂന്ന് ദിവസങ്ങൾ കൊണ്ട് വായിച്ചു തീർത്തു. ഒറ്റ വാക്കിൽ പറഞ്ഞാൽ " ഗംഭീരം ". സത്യത്തിൽ നമ്മുടെ കമ്മട്ടവും ഈ ബുക്കും ആയി ഒരു ബന്ധമുണ്ട് എന്ന് പറയാം. രണ്ടിലും പറയുന്നത് എഴുത്തുകാരന്റെ / കാരുടെ ജോലി സ്ഥലവും അതുമായി ബന്ധപ്പെട്ട കഥയാണ്/ കഥകളാണ്. ബാങ്കിൽ നിന്നും പുറത്തേക്ക് ഉള്ള കാഴ്ചകൾ ആണ് കമ്മട്ടം പറയുന്നത് എങ്കിൽ, "പച്ച മഞ്ഞ ചുവപ്പ്" പറയുന്നത് റെയിൽവേയുടെ ഉള്ളിൽ നിന്നും ഉള്ളിലേക്ക് തന്നെ നോക്കിയാണ് എന്നു മാത്രം !

1995 മെയ് മാസത്തിൽ സേലത്തിൽ നിന്നും 33 km അകലെ ഡാനിഷ്പ്പെട്ട് എന്ന സ്റ്റേഷനു സമീപം സ്റ്റാഫിന്റെ ശ്രദ്ധ കുറവ് മൂലം നടന്നു എന്നു കരുതുന്ന ഒരു തീവണ്ടി അപകടവും, അതുമായി ബന്ധപ്പെട്ട് വർഷങ്ങൾക്ക് ശേഷം, ഈ കൊറോണ കാലത്ത് നടക്കുന്ന ഒരു പത്ര റിപ്പോർട്ടറുടെ അന്വേഷണവും ആണ് കഥയുടെ പശ്ചാത്തലം. ഒരു തീവണ്ടി അതിന്റെ സ്റ്റേഷൻ വിടുന്നത് പോലെ, പതിഞ്ഞ താളത്തിൽ തുടങ്ങി, പിന്നീട് ത്രില്ലർ മൂഡിലേക്ക് ഘട്ടം ഘട്ടമായി ഗിയർ മാറി, സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകളും, അവയുടെ ഉള്ള് കളികളിലേക്കും കടന്ന്, അവയ്ക്ക് പുറകിലെ രാഷ്ട്രീയം പറഞ്ഞ്, അതിനും അപ്പുറത്ത് ഒരു പാട് സത്യങ്ങൾ വിളിച്ചു പറഞ്ഞ്, നമ്മളെ മുൾമുനയിൽ നിർത്തുന്നതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു എന്നു തന്നെ പറയാം. അദ്ദേഹം ആമുഖത്തിൽ തന്നെ പറയുന്ന ഒരു വാചകമുണ്ട്. ആക്സിഡന്റും ആയി ബന്ധമുള്ള ജീവിച്ചിരിക്കുന്നവരോ, മരിച്ചു പോയവരോ ആയി നോവലിലെ കഥയ്ക്കോ കഥാപാത്രങ്ങൾക്കോ യാതൊരു ബന്ധവും ഇല്ല അത്രേ! ഏതാണ്ട്, കമ്മട്ടം നമ്മൾ എഴുതിയ "കഥകളാണ്" എന്നു പറയുന്നത് പോലെ!

ഡിസി ബുക്ക്സ് പുറത്തിറക്കിയ പുസ്തകത്തിന്റെ വില 475 രൂപയാണ്. ബാങ്കിൽ മാത്രമാണ് ഇത്ര കണ്ട് ടാർഗറ്റും പ്രഷറും എന്നു നിങ്ങൾ അറിയാതെ എങ്കിലും കരുതുന്നു. എങ്കിൽ, ഈ പുസ്തകം തീർച്ചയായും വായിക്കേണ്ടത് ആണ് എന്ന് കൂടി പറഞ്ഞു കൊണ്ട് നിർത്തുന്നു.

ഡിസി ആണ് പ്രസാധകർ
വില : Rs.475/-